# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1217 30.01.2018 ൽ മറുപടിക്ക്

### കൊയിലാണ്ടി മണ്ഡലത്തിലെ പൊതുമരാമത്ത് ആസ്തിവികസന പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.ദാസൻ | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊയിലാണ്ടി മണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടതും, പൊതുമരാമത്ത് ബിൽഡിംഗ് സെക്ഷനിൽ നിന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി മേലാഫീസിലേക്ക് അയച്ചിട്ടുള്ളതുമായ കൊയിലാണ്ടി താലൂക്ക് ആശുപത്രി ചുറ്റുമതിൽ നിർമ്മാണം, കൊയിലാണ്ടി നഗരസഭയിൽ 21-ാം ഡിവിഷനിലുള്ള നടേരി എൻആർഎച്ച്എം അർബൻ ഡിസ്പെൻസറി കെട്ടിടനിർമ്മാണം എന്നിവയുടെ നടപടികൾ ഏത് ഘട്ടത്തിലായെന്ന് വ്യക്തമാക്കുമോ; | (എ) കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ ചുറ്റുമതിൽ നിർമ്മാണത്തിനുള്ള 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും, നടേരി എൻ.ആർ.എച്ച്.എം. അർബൻ ഡിസ്പെൻസറി കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസമുണ്ടായത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (ബി) എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം ഭരണാനുമതി / സാങ്കേതികാനുമതിക്ക് അയയ്ക്കാൻ എഞ്ചിനീയർമാരുടെ ഭാഗത്തു നിന്നും മൂന്നുമാസത്തെ കാലതാമസമുണ്ടായി. |
| (സി) പ്രസ്തുത പദ്ധതികളുടെ നടപടികൾ കലണ്ടർ ഓഫ് കറസ്പോണ്ടൻസിലൂടെ വിശദമാക്കുമോ; | (സി) കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ ചുറ്റുമതിൽ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ 2017 ജൂലൈ 20 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചു. ജൂലൈ 29 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് |

എസ്റ്റിമേറ്റ് സമർപ്പിച്ചു. ആഗസ്റ്റ് 24 ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും സെപ്റ്റംബർ 23 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർക്കും നൽകി. ഒക്ടോബർ 8 ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചു.

| | |
|---|---|
| (ഡി) ധനവകുപ്പിൽ നിന്ന് നിർദ്ദേശം വന്നിട്ടും അനിയന്ത്രിതമായ കാലതാമസം വന്നതുമൂലമുണ്ടായ കൃത്യവിലോപം പദ്ധതിയെ ബാധിച്ചിട്ടുണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ഡി) എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം ഭരണാനുമതി / സാങ്കേതികാനുമതിക്ക് അയയ്ക്കാൻ എഞ്ചിനീയർമാരുടെ ഭാഗത്തു നിന്നുണ്ടായ മൂന്നുമാസ കാലതാമസം ന്യായീകരിക്കാൻ കഴിയില്ല. ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകാൻ ഭരണ വകുപ്പിന് 3 മാസത്തെ കാലതാമസം വന്നു. കെട്ടിട വിഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ശരിയായ വേഗത്തിലല്ല നടന്നുവരുന്നത്. ഇപ്പോൾ പുതിയ സർക്കാർ മാറ്റത്തിന് ശ്രമിക്കുന്നുണ്ട്. പലയിടത്തും ഭൂതകാല ശീലങ്ങൾ ഒഴിവാക്കാൻ കഴിഞ്ഞിട്ടില്ല. എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും കുറവുള്ളതിനാൽ ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ കെട്ടിട നിർമ്മാണങ്ങൾ മറ്റു സർക്കാർ ഏജൻസികളെ ഏൽപ്പിക്കേണ്ടതാണെന്ന് ടി വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**